**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5149 — 27.06.2019 ൽ മറുപടിക്ക്

**പള്ളിക്കൽ പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ നിലവിൽ സി.എച്ച്.സി. ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള പള്ളിക്കൽ പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തണമെന്നാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനം ഉൾപ്പെടെ നിവേദനം ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ; വിവിധതരം പനി പടർന്നുപിടിക്കുന്നത് തടയുന്നതിന് പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്തിലാണ് പള്ളിക്കൽ 24*7 പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ടി PHC യുടെ 12 കി.മീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്തിരുന്ന കൊണ്ടോട്ടി CHC യെ താലൂക്കാശുപത്രിയായി ഉയർത്തി ഉത്തരവായിട്ടുണ്ട്. പദവി ഉയർത്തുക അല്ല മറിച്ച സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കി കുടുംബഡോക്ടർ എന്ന പദ്ധതിയിലേക്ക് എത്തുന്നതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണമായി നടപ്പിൽ വരുത്തുന്നതോടെ പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എല്ലാ സൗകര്യങ്ങളും മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പനി പടർന്നു പിടിക്കുന്നത് തടയുന്നതിന് ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ